File No.LSGD-EPB3/49/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല – വാഴയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി.ആർ. ഷാജിയ്ക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.822/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 31/03/2021

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 04.05.2016-ലെ ഡി4-46700/2014 നമ്പർ നടപടിക്രമങ്ങൾ

2 പഞ്ചായത്ത് ഡയറക്ടറുടെ 26.05.2016-ലെ ഡി4-46700/2014 നമ്പർ കത്ത്

3 സർക്കാരിന്റെ 02.07.2018-ലെ ഇപിബി3/49/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 പഞ്ചായത്ത് ഡയറക്ടറുടെ 25.08.2020-ലെ PAN/21906/2018-D4(DP) നമ്പർ കത്ത്

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ. സി.ആർ. ഷാജി 20.11.2014-ൽ ഉച്ചവരെ ഓഫീസിൽ ഹാജരായിരുന്നെങ്കിലും അന്നേ ദിവസം പഞ്ചായത്തിലെ വാർഡുകളിലെ പോളിംഗ് സ്റ്റേഷൻ പരിശോധിക്കുന്നതിനും പുന:ക്രമീകരിക്കുന്നതിനും നിർബന്ധമായും പങ്കെടുക്കുവാൻ റിട്ടേണിംഗ് ഓഫീസർ ആവശ്യപ്പെട്ടിട്ടും പങ്കെടുത്തില്ലായെന്നും 27.11.2014-ന് ടിയാൻ മദ്യപിച്ച് ഓഫീസിലെത്തുകയും വാഴക്കാട് പോലീസ് അറസ്റ്റ് ചെയ്ത് വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയതിൽ ടിയാൻ മദ്യപിച്ചിരുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി തുടർന്നുവരവേ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ പഞ്ചായത്ത് ഡയറക്ടർ കെ.സി.എസ്. ചട്ടങ്ങൾ പ്രകാരം തുടർന്നു വന്ന അച്ചടക്ക നടപടി പരാമർശം (1) പ്രകാരം അവസാനിപ്പിച്ച് കെ.എസ് ആർ ഭാഗം 3 ചട്ടം 3 പ്രകാരമുള്ള നടപടി തുടരുന്നതിനായി പരാമർശം (2) പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീ. സി.ആർ. ഷാജിയുടെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപവും അധികാര ദുർവ്വിനിയോഗവും ചട്ടലംഘനവും ഉണ്ടായിട്ടുണ്ടെന്നു കണ്ടതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 (എ) പ്രകാരം ശ്രീ. സി.ആർ. ഷാജിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സി.ആർ. ഷാജി നാളിതുവരെ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4). പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സി.ആർ. ഷാജിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 5 വർഷത്തേക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാഴയൂർ ഗ്രാമപഞ്ചായത്തിലെ

മുൻ സെക്രട്ടറിയായിരുന്ന ശ്രീ. സി.ആർ. ഷാജിയ്ക്കെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടി സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

   (പരാമർശം (1), (2), (3) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. സി.ആർ. ഷാജി, മുൻ സെക്രട്ടറി, വാഴയൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/49/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SUDHEER S S
Date: 2021.03.31 17:55:03 IST
Reason: Approved
സെക്ഷൻ ഓഫീസർ